## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1856** — **05.10.2016-ൽ മറുപടിയ്ക്ക്**

### ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ

**ചോദ്യം**
ശ്രീ.റോഷി അഗസ്റ്റിൻ
ശ്രീ.മോൻസ് ജോസഫ്
ശ്രീ.സി.എഫ്.തോമസ്
ഡോ.എൻ. ജയരാജ്

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഭവനരഹിതരായി കണ്ടെത്തിയ പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള വീടുകളുടെ നിർമ്മാണം എത്ര ശതമാനം പൂർത്തിയാക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വീടനുവദിക്കുന്നതിന്റെ ഭാഗമായി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയിൽപ്പെടുത്തി 2014-15 സാമ്പത്തിക വർഷം ജനറൽ ഹൗസിംഗ് പദ്ധതിയിലൂടെ 2779 വീടുകളും ഹഡ്കോ ഭവന നിർമ്മാണ പദ്ധതി പ്രകാരം 2000 വീടുകളും, എ.റ്റി.എസ്.പി ഭവനനിർമ്മാണ പദ്ധതി പ്രകാരം 9362 വീടുകളും ഐ.എ.വൈ പദ്ധതി പ്രകാരം 4395 വീടുകളും അനുവദിച്ചിരുന്നു. ഇതിൽ 384 വീടുകൾ പൂർത്തീകരിച്ചു. ബാക്കി വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. നിലവിൽ ഭൂമിയും വീടും ഇല്ലാത്തതായി ആകെ 24605 പട്ടികവർഗ്ഗ കുടുംബങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ടി കുടുംബങ്ങൾക്ക് കൂടി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ പദ്ധതികൾ പ്രകാരവും ഗ്രാമപഞ്ചായത്തിന്റെ ഇ.എം.എസ് ഭവന |

| | | | |
|---|---|---|---|
| | | | പദ്ധതി പ്രകാരവും വീടുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| ബി) | പ്രസ്തുത ഭവന നിർമ്മാണ പദ്ധതി ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് നടപ്പാക്കിവരുന്നത്;വിശദമാക്കാമോ; | ബി) | പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ ഭവന പദ്ധതികൾ പ്രകാരം അനുവദിക്കുന്ന വീടുകൾ, നിലവിൽ ഗുണഭോക്താക്കൾ നേരിട്ട് തന്നെയാണ് നിർമ്മിച്ചു വരുന്നത്. കൂടാതെ ഗുണഭോക്തൃ കമ്മിറ്റികൾ മുഖേനയും ഭവന നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| സി) | നടപ്പുസാമ്പത്തിക വർഷം ഭവനരഹിതരായ എത്ര കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; അവശേഷിക്കുന്ന കുടുംബങ്ങൾക്ക് സമയബന്ധിതമായി ഭവനം നിർമ്മിച്ചുനൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | സി) | നടപ്പു സാമ്പത്തിക വർഷം ഭവനരഹിതരായ 5000 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് അനുവദിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഭവന രഹിതരായ ശേഷിക്കുന്ന മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് അനുവദിക്കുന്നതിനായാണ് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നത്. ആയത് പ്രകാരം വരും വർഷങ്ങളിൽ ശേഷിക്കുന്ന കുടുംബങ്ങൾക്കു കൂടി മുൻഗണനാ ക്രമത്തിൽ വീട് അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ